"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എ.കെ.ജി മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകൽ, സൂപ്പർവിഷൻ, മെഷർമെൻറ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെൻറ് മുതലായവ ഉൾപ്പെടെയുള്ള നിർവ്വഹണ ചുമതല തദ്ദേശ്ശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകികൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt) No.420/2021/LSGD തീയതി,തിരുവനന്തപുരം, 13/02/2021

---

പരാമർശം:- 1 21/12/2019-ലെ സ.ഉ (സാധാ) നം. 2916/2019/തസ്വഭവ.

2 കണ്ണൂർ പിണറായി എ.കെ.ജി മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാളിന്റെ അപേക്ഷ.

3 20/01/2021-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി2-1606/2018/സി.ഇ/തസ്വഭവ. നം. കത്ത്.

**ഉത്തരവ്**

പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം എ.കെ.ജി മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ മേൽനോട്ട ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ഏല്പിച്ച് ഉത്തരവായിരുന്നു. അതിന്റെ നിർമ്മാണ മേൽനോട്ട ചുമതല എന്നാൽ പരാമർ ശം 2-ലെ കത്ത് പ്രകാരം, പൊതുമരാമത്ത് പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകൽ, സൂപ്പർവിഷൻ, മെഷർമെൻറ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെൻറ് മുതലായവ ഉൾപ്പെടെയാണ് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം പ്രവൃത്തി നടപ്പിലാക്കി വരുന്നതെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എ.കെ.ജി മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, പിണറായി, കണ്ണൂർ കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട സാങ്കേതികാനുമതി നൽകൽ, സൂപ്പർവിഷൻ, മെഷർമെൻറ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെൻറ് മുതലായവ ഉൾപ്പെടെയുള്ള നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

**ചീഫ് എഞ്ചിനീയർ**, തദ്ദേശ സ്വയംഭരണ വകുപ്പ്, **തിരുവനന്തപുരം.**

**പ്രിൻസിപ്പൽ**, എ.കെ.ജി മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, പിണറായി, **കണ്ണൂർ.**

**പ്രിൻസിപ്പൽ** അക്കൗണ്ടൻറ് ജനറൽ (എ&ഇ), **കേരളം, തിരുവനന്തപുരം.**

**അക്കൗണ്ടൻറ് ജനറൽ** (ജി&എസ്.എസ്.എ),**കേരളം തിരുവനന്തപുരം**

**എക്സിക്യൂട്ടിവ്** ഡയറക്ടർ. ഇൻഫർമേഷൻ കേരള **മിഷൻ. തിരുവനന്തപുരം.**

**പൊതുവിദ്യാഭ്യാസ** (പി) വകുപ്പ്.

**കരുതൽ ഫയൽ**/ ഓഫീസ് കോപ്പി.

ഉത്തരവിൻ **പ്രകാരം**

Signature valid

Digitally signed by REENAMMA P A
Date: 2021.02.13 19:24:10 IST
Reason: Approved

സെക്ഷൻ **ഓഫീസർ**